No. CEE/4821/PGM2016/TA3

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ബിരുദാനന്തര ബിരുദ മെഡിക്കൽ (പി.ജി.എം) കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2016

## ഉത്തര സൂചികകൾ പ്രസിദ്ധീകരിച്ചു

2016 ജനുവരി **31** ന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽവച്ച് നടന്ന പി.ജി.എം. കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരിക്ഷയുടെ ഉത്തരസൂചികകൾ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഉത്തരസൂചിക www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരസൂചിക സംബന്ധിച്ച് ആക്ഷേപമുള്ള പരീക്ഷാർത്ഥികൾ പരാതിയോടൊപ്പം അനുബന്ധ രേഖകളും, ആക്ഷേപമുന്നയിക്കുന്ന ഓരോ ചോദ്യത്തിനും **300 രൂപ** ഫീസ് എന്ന ക്രമത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റും സഹിതം **08.02.2016**, തിങ്കളാഴ്ച **വൈകുന്നേരം 5 മണിയ്ക്ക് മുൻപ്** തപാൽ വഴിയോ നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും, നിശ്ചിത ഫീസില്ലാതെ ലഭിക്കുന്നതും, e-mail, ഫാക്സ് എന്നിവ മുഖാന്തിരം ലഭിക്കുന്നതുമായ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അതിന് വേണ്ടി നൽകിയ തുക തിരികെ നൽകുന്നതാണ്.

തിരുവനന്തപുരം

01.02.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**